OFFICE OF THE REGISTRAR OF CO-OPERATIVE SOCIETIES THIRUVANANTHAPURAM
02 FEB 2011

കേരള സർക്കാർ

സംഗ്രഹം

സഹകരണ വകുപ്പ് - സഹകരണ സംഘം രജിസ്ട്രാറുടെ പൊതുനിയന്ത്രണത്തിൽ സഹകരണ ആഡിറ്റ് ഡയറക്ടർ തലവനായി ആഡിറ്റിനായി പ്രത്യേക വിഭാഗം രൂപീകരിച്ചും ആഡിറ്റ് വിഭാഗത്തിലേയ്ക്ക് ആവശ്യമായ തസ്തികകൾ സൃഷ്ടിച്ചും നാമകരണം ചെയ്തും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സഹകരണ (എ) വകുപ്പ്

സ.ഉ.( എം.എസ്) നം. 17/ 2011/സഹ. തീയതി, തിരുവനന്തപുരം, 29.01.2011

---

പരാമർശം:- 1. സ.ഉ.(കൈയ്യെഴുത്ത്) നം.126/08/സഹ തീയതി 27.5.2008

2. സഹകരണ സംഘം രജിസ്ട്രാറുടെ 3.1.2011 ലെ ഇ.ബി.(1) 25330/2008- ാം നമ്പർ കത്ത്.

<u>ഉത്തരവ്</u>

സംസ്ഥാനത്ത് സഹകരണ വകുപ്പിന്റെ കീഴിലുള്ള സഹകരണ സ്ഥാപനങ്ങളിലെ ആഡിറ്റ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ആഡിറ്റ് ഡയറക്ടറേറ്റ് രൂപീകരിച്ചും ആഡിറ്റ് ഡയറക്ടറുടെ തസ്തികയും മറ്റ് അനുബന്ധ തസ്തികകളും ആഡിറ്റ് ഡയറക്ടറേറ്റിൽ സൃഷ്ടിച്ചും പരാമർശം (1) പ്രകാരം ഉത്തരവായിട്ടുണ്ട്. ആഡിറ്റ് ഡയറക്ടറുടെ കീഴിൽ ആഡിറ്റ് സംവിധാനം കാര്യക്ഷമമാക്കുകവഴി കുടിശ്ശിക ആഡിറ്റുകളുടെ എണ്ണം കുറയ്ക്കാൻ സാധിച്ചിട്ടുണ്ടെങ്കിലും ആഡിറ്റ് സമകാലീനമാക്കുക എന്ന ലക്ഷ്യം കൈവരിക്കാൻ ഇനിയും സാധിച്ചിട്ടില്ല. ആഡിറ്റിനു മാത്രമായി ഒരു പ്രത്യേക വിഭാഗം രൂപീകരിക്കുക വഴി ഈ ലക്ഷ്യം കൈവരിക്കാൻ കഴിയുമെന്നും,ആഡിറ്റിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ സാധിക്കുമെന്നും പരാമർശം (2) ലെ കത്ത് പ്രകാരം സഹകരണ സംഘം രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സഹകരണ സംഘം രജിസ്ട്രാറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ ഈ കാര്യം വിശദമായി പരിശോധിക്കുകയും സഹകരണ സംഘം നിയമത്തിലെ വകുപ്പ് 63 (7) ന്റെ സത്ത നിലനിർത്തിക്കൊണ്ട് സഹകരണ സംഘം രജിസ്ട്രാറുടെ ഭരണനിയന്ത്രണത്തിലുള്ള സഹകരണ വകുപ്പിൽ നിന്നും ആഡിറ്റ് വിഭാഗം വേർപ്പെടുത്തി സഹകരണ സംഘം രജിസ്ട്രാറുടെ തന്നെ പൊതുനിയന്ത്രണത്തിൽ സഹകരണ ആഡിറ്റ് ഡയറക്ടർ തലവനായി സഹകരണ ആഡിറ്റ് വിഭാഗം രൂപീകരിച്ചു കൊണ്ടും ആഡിറ്റ് ഡയറക്ടറേറ്റിൽ പരാമർശം (1) പ്രകാരം സൃഷ്ടിച്ചിട്ടുള്ള തസ്തികകൾക്കു പുറമെ [redacted] ചുവടെ ചേർത്തിട്ടുള്ള തസ്തികകൾ കൂടി സൃഷ്ടിച്ചും, ആഡിറ്റ് ഡയറക്ടറേറ്റിൽ പരാമർശം (1) പ്രകാരം അനുവദിച്ചിരുന്ന 8 ഓഡിറ്റർ തസ്തികകൾ സീനിയർ ഓഡിറ്റർ തസ്തികകളാക്കി നാമകരണം ചെയ്തും, ജില്ലാ തല ഓഫീസുകളും താലൂക്ക് തല ഓഫീസുകളും അവിടേയ്ക്കാവശ്യമായ തസ്തികകളും സൃഷ്ടിച്ചുകൊണ്ടും ഉത്തരവാകുന്നു.

<u>ആഡിറ്റ് ഡയറക്ടറേറ്റ്</u>

| | |
|---|---|
| അസിസ്റ്റന്റ് ഡയറക്ടർ | - 3 |
| ജൂനിയർ ആഡിറ്റർ | - 8 |
| ടൈപ്പിസ്റ്റ് | - 1 |
| ഡ്രൈവർ | - 1 |
| പാർട്ട് ടൈം സ്വീപ്പർ | - 1 |

ജില്ലാ തല ഓഫീസ്

ജോയിന്റ് ഡയറക്ടറുടെ ഓഫീസ് - 14 എണ്ണം
ജോയിന്റ് ഡയറക്ടർ - 14 (ഓരോ ജില്ലാ തല ഓഫീസിലും 1 വീതം)
ഡെപ്യൂട്ടി ഡയറക്ടർ - 14 (ഓരോ ജില്ലാ തല ഓഫീസിലും 1 വീതം)
സീനിയർ / ജൂനിയർ ആഡിറ്റർ - 2 വീതം 14 X 2 = 28

താലൂക്ക് തലം

അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസ് - 62 എണ്ണം
അസിസ്റ്റന്റ് ഡയറക്ടർമാർ - 62 എണ്ണം
ഓഫീസ് ആഡിറ്റർ - 62 (1 വീതം ഓരോ ഓഫീസിലും)
സീനിയർ / ജൂനിയർ യൂണിറ്റ് ആഡിറ്റർമാർ - 2 വീതം ( 62 X 2) = 124

മേൽ പ്രസ്താവിച്ച തസ്തികകളിൽ ടൈപ്പിസ്റ്റ്, ഡ്രൈവർ, പാർട്ട്ടൈം സ്വീപ്പർ എന്നീ തസ്തികകളൊഴികെ മറ്റെല്ലാ തസ്തികകളും പ്രത്യേക ആഡിറ്റ് വിഭാഗത്തിന്റെ രൂപീകരണത്തോടെ രജിസ്ട്രാർ ഓഫീസിന്റെ കീഴിൽ നിലവിലുള്ള തസ്തികകൾ ഷിഫ്റ്റ് ചെയ്തുകൊണ്ടു വരേണ്ടതും ടി തസ്തികകളിൽ ആഡിറ്റ് ഡയറക്ടറേറ്റിൽ പുനഃനാമകരണം ചെയ്ത 8 സീനിയർ ആഡിറ്റർ തസ്തികകളടക്കം സഹകരണ വകുപ്പിൽ നിലവിലുള്ള ജീവനക്കാരിൽ നിന്നും ഓപ്ഷൻ മുഖേന നിയമനം നടത്തേണ്ടതുമാണ്. തുടർന്നു വരുന്ന നിയമനങ്ങൾ ആഡിറ്റ് വിഭാഗത്തിനായി രൂപീകരിക്കുന്ന സ്പെഷ്യൽ റൂൾസിലെ വ്യവസ്ഥകൾക്കു വിധേയമായിട്ടായിരിക്കും നടത്തുക. ആഡിറ്റ് വിഭാഗത്തിനായി പ്രത്യേക വകുപ്പ് രൂപീകരിക്കുന്നുവെങ്കിലും മറ്റൊരുത്തരവും ക്രമീകരണവുമുണ്ടാകുന്നതു വരെ ജില്ലാ, താലൂക്ക് തല ഓഫീസുകൾ നിലവിൽ പ്രവർത്തിക്കുന്ന ഭൗതിക സാഹചര്യത്തിൽ തന്നെ തുടർന്നും പ്രവർത്തിക്കേണ്ടതാണ്.

സഹകരണ ആഡിറ്റ് വിഭാഗത്തിൽ വകുപ്പിൽ നിലവിലുള്ള ജീവനക്കാരിൽ നിന്നും ഓപ്ഷൻ മുഖേന നിയമനം നടത്തി വകുപ്പിനെ രണ്ട് പ്രത്യേക സർവ്വീസുകൾ ആക്കുമ്പോൾ (ജനറൽ, ആഡിറ്റ്) ഏതെങ്കിലും വിഭാഗത്തിൽ അനുവദിച്ച തസ്തികകളേക്കാൾ കൂടുതൽ ഓപ്ഷൻ സമർപ്പിക്കപ്പെടുന്നുവെങ്കിൽ ജൂനിയർ ആയിട്ടുള്ളവരെ മറ്റേ വിഭാഗത്തിലേയ്ക്ക് മാറ്റേണ്ടതും ഏതെങ്കിലും വിഭാഗത്തിൽ ഓപ്ഷൻ സമർപ്പിച്ചവർ കുറവാണെങ്കിൽ കൂടുതൽ ഓപ്ഷൻ സമർപ്പിച്ച വിഭാഗത്തിലെ ജൂനിയർമാരെ കുറവുള്ള വിഭാഗത്തിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. ഓപ്ഷൻ നടപടികൾ പൂർത്തിയാക്കി കഴിഞ്ഞാൽ ജീവനക്കാർക്ക് ജനറൽ/ ആഡിറ്റ് വിഭാഗത്തിൽ നിന്നും പരസ്പരം മാറാൻ കഴിയുന്നതല്ല. ജനറൽ വിഭാഗത്തിലെ ജീവനക്കാർ 1962 ലെ കേരളാ കോ-ഓപ്പറേറ്റീവ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിന്റെ കീഴിലും 1963 ലെ കേരളാ കോ-ഓപ്പറേറ്റീവ് സർവ്വീസ് റൂൾസിന്റെ കീഴിലും ആയിരിക്കും. ആഡിറ്റ് വിഭാഗം ജീവനക്കാർ പുതുതായി രൂപീകരിക്കുന്ന കേരളാ കോ-ഓപ്പറേറ്റീവ് ഓഡിറ്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിന്റെ കീഴിലും കേരളാ കോ-ഓപ്പറേറ്റീവ് ഓഡിറ്റ് സർവ്വീസ് റൂൾസിന്റെ കീഴിലും ആയിരിക്കും.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

എസ്. വിജയകുമാർ
അഡീഷണൽ സെക്രട്ടറി

എല്ലാ വകുപ്പ് മേധാവികൾക്കും
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും (എല്ലാ സെക്ഷനുകൾക്കും നിയമവകുപ്പും ധനകാര്യവും ഉൾപ്പടെ)
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ, തിരുവനന്തപുരം